**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 222** **14-02-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം ഇരട്ടിയാക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം, 25.10.2022-ലെ സർക്കാർ ഉത്തരവ് (കൈ) നം.50/2022/വനം എന്നിവ പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിവരുന്നത്. ടി ഉത്തരവ് പ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകുന്നത്. വനത്തിന് പുറത്ത് വച്ച് പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം 50% വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചുവരുന്നു. |
| (ബി) | വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; | (ബി) | വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം 22.12.2023-ലെ F.No.WL-21/4/2023-WL നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരം കേന്ദ്രസർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. ടി തുക 05.04.2018 മുതൽ സംസ്ഥാന സർക്കാർ നൽകി വരുന്നതാണ്. |
| (സി) | എങ്കിൽ തത്തുല്യമായ വർദ്ധനവ് വരുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ? | (സി) | വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ച നഷ്ടപരിഹാര തുക 10 ലക്ഷം രൂപയാണ്. ഈ തുക തന്നെയാണ് നിലവിൽ നഷ്ടപരിഹാരമായി കേരള സർക്കാർ നൽകി വരുന്നത്. ടി തുക 15 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ